**No.CEE/4900/2015/KEAM-2016/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## KEAM-2016:ഫീസ് റീഫണ്ട് ലഭിക്കുന്നത് സംബന്ധിച്ച്

2016 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച് ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയ ശേഷം പ്രവേശനം നേടാതിരിന്നവർക്കും, നേടിയ പ്രവേശനം നിശ്ചിത സമയത്തിനകം റദ്ദ് ചെയ്തവർക്കും ഫീസ് റീഫണ്ട് ലഭിക്കാൻ **2017 ജനുവരി 11**–നു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2016-Candidate Portal'** എന്ന ലിങ്കിൽ പ്രവേശിച്ച് **ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ** എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച് **'Refund'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരവരുടെ പാസ്സ്‌വേഡ് നൽകി **'Proceed for uploading Bank Account details'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം വിദ്യാർത്ഥിയുടെയോ, അച്ഛൻ/അമ്മയുടെയോ ബാങ്ക് പാസ്സ്ബുക്കിന്റെ **അക്കൗണ്ട് നമ്പർ, IFSC കോഡ്** എന്നിവ രേഖപ്പെടുത്തിയിട്ടുള്ള പേജ് സ്കാൻ ചെയ്ത് വെബ് പേജിൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി ഇമേജ് അപ്‌ലോഡ് ചെയ്യണം. കൂടാതെ പ്രസ്തുത ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ നൽകുകയും വേണം. ഇതിനു ശേഷം നൽകിയ വിവരങ്ങൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തി **'Confirm'**ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. KEAM 2016 പ്രോസ്പെക്ടസ് ക്ലോസ് 12.2.3 പ്രകാരം അവസാന അലോട്ട്മെന്റിന് ശേഷം വിടുതൽ നേടുന്ന വിദ്യാർത്ഥികൾക്ക് ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

**കുറിപ്പ്**:– ബാങ്ക് അക്കൗണ്ട് സംബന്ധിച്ച് നൽകിയ വിവരങ്ങൾ ശരിയാണെന്ന് വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ നൽകി ഫീസ് റീഫണ്ട് ലഭിക്കാതെ വന്നാൽ ആയതിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദി ആയിരിക്കുകയില്ല.

തിരുവനന്തപുരം
04.01.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**